പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 793 — 12-6-2013-ൽ മറുപടിക്ക്

ചെറുതാഴം സെൻസസ് ടൗൺ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ്. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ജലക്ഷാമം നേരിടുന്ന ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴോളം വാർഡുകളെ ഉൾ പ്പെടുത്തി സമർപ്പിച്ച ചെറുതാഴം സെൻസസ് ടൗൺ പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നിലവിലുള്ള ചെറുതാഴം ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾ പ്പെടാത്ത ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴ് വാർഡുകളും കുഞ്ഞിമംഗലം പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഉൾപ്പെടുത്തി ജൈക്ക പട്ടുവം പഞ്ചായത്തിലെ ജലവിതരണ പദ്ധതിയിൽ നിന്നും ശുദ്ധജലം എടുത്ത് വിതരണം ചെയ്യുന്ന ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പരിയാരം പഞ്ചായത്തിലെ മുടിക്കാനത്ത് 18 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് നിർമ്മിച്ച് ഏകദേശം 130 കി.മീറ്റർ നീളത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പ്രസ്തുത പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ട മൈക്രോ ഫിൽട്ടർ യൂണിറ്റ് നിർമ്മാണത്തിന്റെ കാലതാമസത്തിന് കാരണം വിശദമാക്കുമോ? | (ബി) പ്രസ്തുത പദ്ധതിയുടെ മൈക്രോ ഫിൽട്ടർ യൂണിറ്റ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ